പതിമൂന്നാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1427 30.9.2011 മറുപടിയ്ക്ക്

**കേരള ലൈവ്സ്റ്റോക്ക് ഡവലപ്മെന്റ് ബോർഡിന്റെ പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.ജി.എസ്.ജയലാൽ | | ശ്രീ.കെ.പി.മോഹനൻ (കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പു മന്ത്രി) | |
| എ) | കേരള ലൈവ്സ്റ്റോക്ക് ഡവലപ്മെന്റ് ബോർഡ് മുഖേന നടപ്പിലാക്കിവരുന്ന പദ്ധതികൾ ഏതൊക്കെയാണെന്നും ആയതിന്റെ വിശദാംശങ്ങളും അറിയിക്കുമോ; | എ) | കെ.എൽ.ഡി.ബോർഡ് മുഖേന നടപ്പിലാക്കി വരുന്ന പദ്ധതികളും വിശദാംശങ്ങളും അനുബന്ധമായി ചേർത്തിരിക്കുന്നു. |
| ബി) | പശു വളർത്തൽ പരിപോഷിപ്പിക്കുന്നതിനായി ബോർഡ് ഏറ്റെടുത്ത് നടപ്പിലാക്കുന്ന പദ്ധതികൾ ഏതൊക്കെയാണ് ? | ബി) | ഗോസുരക്ഷ,കുളത്തൂപ്പുഴയിൽ ക്ഷീരനഗരം പദ്ധതി,കുടുംബശ്രീയുമായി സഹകരിച്ചുള്ള തീറ്റപ്പുൽ കൃഷി, സൈലേജ് മേക്കിംഗ് യൂണിറ്റ്, ചാഫ്കട്ടർ വിതരണം കൂടാതെ ലിംഗനിർണ്ണയം നടത്തിയ ബീജോൽപ്പാദനം(**sexed semen)** എന്നീ പദ്ധതികൾ ബോർഡ് ഏറ്റെടുത്ത് നടപ്പിലാക്കുന്നു. കൂടാതെ സംസ്ഥാനത്തെ മുഴുവൻ കന്നുകാലികൾക്കും സൗജന്യമായി കൃത്രിമ ബീജാധാനം ലഭ്യമാക്കി വരുന്നു. |

സെക്ഷൻ ഓഫീസർ

## അനുബന്ധം

1)ഗോസുരക്ഷ: സംസ്ഥാനത്തെ മുഴുവൻ ജില്ലകളിലേയും കന്നുകാലികൾക്ക് ഇൻഷ്വറൻസ് പരിരക്ഷ ഉറപ്പാക്കുന്നു. 2.4% എന്ന കുറഞ്ഞ പ്രീമിയം നിരക്കിൽ കർഷകർക്ക് പശുക്കളേയും എരുമകളേയും ഇൻഷ്വർ ചെയ്യാം. മൂന്നു വർഷത്തെ ഇൻഷ്വറൻസിന് 5.4% -മാണ് പ്രീമിയം തുക. പ്രീമിയം തുകയുടെ 50% മാത്രം കർഷകർ നൽകിയാൽ മതിയാകും. ഇൻഷ്വറൻസ് വെറ്ററിനറി സർട്ടിഫിക്കറ്റിനുള്ള അൻപത് രൂപയും ക്ളെയിം സർട്ടിഫിക്കറ്റിനുള്ള നൂറ് രൂപയും കെ.എൽ.ഡി.ബോർഡ് തന്നെ നൽകും. അത്യാഹിതമോ, അസുഖങ്ങളോ മൂലം കന്നുകാലികളെ നഷ്ടപ്പെടുന്ന കാർഷിക കുടുംബാംഗങ്ങൾക്കുള്ള സുരക്ഷ തന്നെയാണ് ഗോസുരക്ഷ.

2)സംസ്ഥാനത്തെ മുഴുവൻ കന്നുകാലികൾക്കും സൗജന്യമായി കൃത്രിമ ബീജാധാനം ലഭ്യമാക്കി വരുന്നു.

3)ഗോസമൃദ്ധി: ഗോസമൃദ്ധി പദ്ധതിയിലുൾപ്പെടുത്തി ഉൽപ്പാദന ക്ഷമത കൂടിയ പശുക്കൾക്ക് ഗുണമേന്മയേറിയ കാലിത്തീറ്റ മിനറൽ മിക്സ്ചർ, സൗജന്യ ഇൻഷ്വറൻസ് പരിരക്ഷ , വൈദ്യ സഹായം, ഈ പശുക്കൾക്കുണ്ടാകുന്ന പശുക്കുട്ടികൾക്ക് വിരമരുന്ന്, കാഫ് സ്റ്റാർട്ടർ എന്നിവയും നൽകുന്നു. പശുവൊന്നിന് 2000 രൂപയുടെ സഹായം ഒരു കറവക്കാലത്ത് ലഭ്യമാക്കുന്നു.

4)ക്ഷീരധാര പദ്ധതി രണ്ടാം ഘട്ടം: ശുദ്ധജനുസ്സിൽപ്പെട്ട എച്ച്.എഫ്, ജഴ്സി വിത്തുകാളകളുടെ ഇറക്കുമതി ചെയ്ത ബീജം ഇടുക്കി, വയനാട് എന്നീ ജില്ലകളിലെ ക്ഷീരകർഷകർക്ക് സൗജന്യമായി ലഭ്യമാക്കുന്ന പദ്ധതി. പ്രതിദിനം ശരാശരി 37 മുതൽ 54 കിലോ വരെ പാലുൽപ്പാദനശേഷിയുള്ള ഹോൾസ്റ്റീൻ ഫ്രീഷ്യൻ ജനുസ്സിന്റെയും പ്രതിദിനം 25 കിലോ മുതൽ പാലുൽപ്പാദനശേഷിയുള്ള ജഴ്സി ജനുസ്സിന്റെയും ബീജമാണ് ഇറക്കുമതി ചെയ്തിട്ടുള്ളത് ഇടുക്കി ജില്ലയിലെയും വയനാട് ജില്ലയിലെയും മൃഗസംരക്ഷണ വകുപ്പിന്റെ കീഴിലുള്ള യഥാക്രമം 100 ഉം 50 ഉം കൃത്രിമ ബീജാധാന കേന്ദ്രങ്ങൾ വഴി ഇത് ക്ഷീര കർഷകർക്ക് സൗജന്യമായി ലഭ്യമാക്കിയിട്ടുണ്ട്. ഗോരേഖ പദ്ധതിയിൽ ഉൾപ്പെടുത്തിയുള്ള ഉൽപ്പാദന ക്ഷമത കൂടിയ പശുക്കൾക്കാണ് ഈ ബീജം ഉപയോഗിക്കുന്നത്.

5)കുളത്തൂപ്പുഴയിൽ ക്ഷീരനഗരം പദ്ധതി; (പദ്ധതി വിഹിതം 270.68 ലക്ഷം രൂപ) കുളത്തൂപ്പുഴയിൽ അത്യാധുനിക ബുൾ മദർ ഫാം പ്രവർത്തനം ആരംഭിച്ചു. എല്ലാവിധ ആധുനിക സജ്ജീകരണങ്ങളും ഉള്ള ഫാമിൽ ഉൽപ്പാദനക്ഷമത കൂടിയ പശുക്കളെ പരിപാലിച്ചിട്ടുണ്ട്. ഈ പശുക്കളിൽ നിന്നും ഗുണമേന്മയേറിയ പശുക്കുട്ടികളേയും കാളക്കുട്ടികളേയും ഉൽപ്പാദിപ്പിക്കുന്നതിനുള്ള നടപടി ആരംഭിച്ചു. ഹൈടെക് ഫാമിന്റെ സമീപ പ്രദേശങ്ങളിലെ മികച്ച ക്ഷീരകർഷകരെ തെരഞ്ഞെടുത്ത് സാറ്റലൈറ്റ് ഡയറി ഫാമുകൾ സ്ഥാപിച്ച് സബ്സിഡി നിരക്കിൽ പശു, കാലിത്തീറ്റ, വന്ധ്യതാ നിവാരണ സഹായങ്ങൾ എന്നിവ ലഭ്യമാക്കുന്നതാണ്. ഇത്തരത്തിൽ ഹൈടെക് ഫാം കേന്ദ്രീകരിച്ച് ഒരു ക്ഷീരനഗരം സജ്ജീകരിക്കുന്നതിനുള്ള പദ്ധതി ആരംഭിക്കുന്നുണ്ട്.

6)ഹൈടെക് ബുൾ മദർ ഫാം, മാട്ടുപ്പെട്ടി: (പദ്ധതി വിഹിതം 847.00 ലക്ഷം രൂപ)
ഹൈടെക് ബുൾ മദർ ഫാം, കോലാഹലമേട്(പദ്ധതി വിഹിതം 1529.5 ലക്ഷം രൂപ)
ഈ പദ്ധതികൾ പ്രകാരം ഉൽപ്പാദനക്ഷമത കൂടിയ പശുക്കളെ വളർത്തി അവയിൽ ഇറക്കുമതി ചെയ്ത ബീജം കുത്തിവെച്ച് അത്യന്താധുനിക സാങ്കേതിക മികവോടെ പരിപാലിച്ച് പാലുൽപ്പാദിപ്പിക്കാനും പശുക്കുട്ടികളേയും കാളക്കുട്ടികളേയും ഉൽപ്പാദിപ്പിക്കാനുമാണ് ഉദ്ദേശിക്കുന്നത്. നിലവിലുള്ള ഫാമുകൾ നവീകരിച്ച് അത്യാധുനിക സൗകര്യങ്ങളോട് കൂടിയ ഷെഡ്ഡും അനുബന്ധ മിൽക്കിംഗ് പാർലർ,

കന്നുകുട്ടി യൂണിറ്റ്, ജലശേഖരണ വിതരണ സൗകര്യങ്ങളുടെ വികസനം, പുൽകൃഷി സൗകര്യ വികസനം എന്നിവ ഈ പദ്ധതിയിൽപ്പെടുന്നു. കൂടാതെ ക്ഷീരകർഷകർക്കും വ്യവസായ സംരംഭകർക്കും പരിശീലനം നൽകുന്ന മാതൃകാ ഫാമുകൾ സ്ഥാപിക്കുവാനാണ് ഉദ്ദേശിക്കുന്നത്.

7)ഹൈടെക് ബുൾ മദർ ഫാം, ധോണി(പദ്ധതി വിഹിതം 1834.5 ലക്ഷം രൂപ)
അത്യാധുനിക സൗകര്യങ്ങളോടുകൂടിയ ബുൾ മദർ ഫാം ധോണി ഫാമിൽ സ്ഥാപിക്കുന്ന പദ്ധതി 13-ാം ധനകാര്യ കമ്മിഷൻ അംഗീകരിച്ചിട്ടുണ്ട്.

8)സെക്സ്ഡ് (ലിംഗ നിർണ്ണയം നടത്തിയ) ബുൾ സെമൻ ഉൽപ്പാദനം (പദ്ധതി വിഹിതം 525 ലക്ഷം രൂപ)
ലിംഗ നിർണ്ണയം നടത്തിയ ബീജം ഉപയോഗിക്കുന്നതുവഴി പശുക്കുട്ടികളുടെ ജനന നിരക്ക് ഉയർത്തുവാൻ സാധിക്കുന്നതാണ്. സംസ്ഥാനത്തിനാവശ്യമായ മികച്ചയിനം പശുക്കുട്ടികളെ ഉൽപ്പാദിപ്പിക്കുവാൻ പദ്ധതി ലക്ഷ്യമിടുന്നു. വാണിജ്യാടിസ്ഥാനത്തിലുള്ള കന്നുകാലി വളർത്തൽ പ്രോൽസാഹിപ്പിക്കുവാൻ ഇതു വഴി സാധിക്കുന്നതാണ്.

9)പശു, ആട് വിതരണം(കുട്ടനാട്-ഇടുക്കി പാക്കേജ്) - കുട്ടനാട്, ഇടുക്കി പാക്കേജുകളുടെ ഭാഗമായി 42000 ആടുകളെ വിതരണം ചെയ്യുന്നതിനുള്ള നടപടികൾ പൂർത്തിയായി വരുന്നു. 5000 പശുക്കളെ ഇടുക്കി ജില്ലയിൽ വിതരണം ചെയ്യുന്നതാണ്.

10)ഇന്ത്യൻ കന്നുകാലി ജനുസ്സുകളെ പരിപാലിക്കുന്നതിനുള്ള ആധുനിക ഫാം പുത്തൂരിൽ (പദ്ധതി വിഹിതം 143 ലക്ഷം രൂപ)
റാത്തി, ഗിർ, സഹിവാൾ, താർപാർക്കർ, കാങ്കറേജ്, റെഡ് സിന്ധി, വെച്ചൂർ എന്നീ ജനുസ്സിൽപ്പെട്ട കന്നുകാലികളെ പരിപാലിച്ച് അവയുടെ ഭ്രൂണവും ബീജവും ഉൽപ്പാദിപ്പിച്ച് കർഷകർക്ക് വിതരണം ചെയ്യുന്നതിനായി അത്യാധുനിക സൗകര്യങ്ങളോടുകൂടിയ ഫാം പുത്തൂരിൽ ആരംഭിച്ചു.

11)ബീജം ,ഭ്രൂണം ഇറക്കുമതി : വിദേശ ജനുസ്സിൽപ്പെട്ട ഉൽപ്പാദനക്ഷമതയേറിയ ബീജവും ഭ്രൂണവും ഇറക്കുമതി ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

12)നാഷണൽ പ്രോജക്ട് ഫോർ കാറ്റിൽ & ബഫല്ലോ ബ്രീഡിംഗ് (**NPCBB**) കൃത്രിമ ബീജാധാന സൗകര്യം വിപുലപ്പെടുത്തി കന്നുകാലികളുടെ ജനിതക മേന്മ വർദ്ധിപ്പിക്കുന്നതിനുള്ള 100% കേന്ദ്ര സർക്കാർ സഹായത്തോടെ സംസ്ഥാനത്ത് നടപ്പിലാക്കുന്ന പദ്ധതിയാണ് ദേശീയ കന്നുകാലി പ്രജനന പദ്ധതി . ഇതിനായി ബീജാധാന കേന്ദ്രങ്ങളുടെ വികസനം, കൃത്രിമ ബീജാധാന സാങ്കേതിക വിദ്യയുടെ വികസനം, പരിശീലന കേന്ദ്ര നിർമ്മാണം, കർഷക ബോധവൽക്കരണ പരിപാടികൾ, വീട്ടുമുറ്റത്തു തന്നെ ബീജാധാന സൗകര്യങ്ങൾ എത്തിക്കൽ എന്നീ പദ്ധതികൾ വിഭാവനം ചെയ്തിട്ടുണ്ട്. കൂടാതെ അഭ്യസ്ത വിദ്യരായ തൊഴിൽ രഹിതർക്ക് കൃത്രിമ ബീജാധാന സാങ്കേതിക വിദ്യയിൽ പരിശീലനം നൽകുന്നതാണ്. ഗുണപരിശോധനാ ലബോറട്ടറി , വിത്തുകാള കേന്ദ്രം, ഭ്രൂണ മാറ്റ കേന്ദ്രം തുടങ്ങി കന്നുകാലികളുടേയും എരുമകളുടേയും വംശ വർദ്ധനവിനായുള്ള സമഗ്ര പാക്കേജുകൾ ഈ പദ്ധതിയിൽ ഉണ്ട്.

13)ഫോഡർ പെല്ലെറ്റിംഗ് യൂണിറ്റ്:
കേന്ദ്ര ഗവൺമെന്റിന്റെ 50% സാമ്പത്തിക സഹായത്താൽ നടപ്പിലാക്കുന്ന ഫോഡർ പെല്ലെറ്റിംഗ് യൂണിറ്റ് കെ.എൽ.ഡി.ബോർഡ് ധോണി ഫാമിൽ പ്രവർത്തനം ആരംഭിച്ചു.

കാലിത്തീറ്റയുടേയും സമ്പുഷ്ടമാക്കിയ ഖരാഹാരത്തിന്റേയും അപര്യാപ്തത പരിഹരിക്കുവാൻ പദ്ധതി ലക്ഷ്യമിടുന്നു.

**14)കുടുംബശ്രീയുമായി സഹകരിച്ചുള്ള തീറ്റപ്പുൽ കൃഷി:**
തീറ്റപ്പുൽ കൃഷി വ്യാപകമാക്കുന്നതിന്റെ ഭാഗമായി കുടുംബശ്രീ അംഗങ്ങളെ തെരെഞ്ഞെടുത്ത് പുൽകൃഷിയിൽ പരിശീലനവും സാങ്കേതിക സഹായവും നൽകി. തീറ്റപ്പുൽകൃഷി ചെയ്യുന്ന പദ്ധതി കെ.എൽ.ഡി.ബോർഡ് നടപ്പിലാക്കി വരുന്നു.

**15)സൈലേജ് മേക്കിംഗ് യൂണിറ്റ് :** കെ.എൽ.ഡി.ബോർഡിന്റെ പ്രോജനി ടെസ്റ്റിംഗ് പദ്ധതിയിൽ ഉൾപ്പെട്ട 100 ക്ഷീരകർഷകർക്ക് സൈലേജ് മേക്കിംഗ് യൂണിറ്റ് സ്ഥാപിക്കുന്നതിനുള്ള സഹായം ലഭ്യമാക്കുന്നതിനുള്ള പദ്ധതി. ഓരോ യൂണിറ്റിനും 105000 രൂപ ലഭ്യമാക്കുന്നതാണ്. അധികമായി ഉൽപ്പാദിപ്പിക്കുന്ന തീറ്റപ്പുൽ സംരംക്ഷിച്ച് ദൗർലഭ്യം നേരിടുന്ന സമയങ്ങളിൽ ഉപയോഗിക്കുവാൻ ക്ഷീരകർഷകരെ ഈ പദ്ധതി സഹായിക്കുന്നു.

**16)ചാഫ് കട്ടർ വിതരണം:** കെ.എൽ.ഡി.ബോർഡിന്റെ പ്രോജനി ടെസ്റ്റിംഗ് പദ്ധതിയിൽ ഉൾപ്പെട്ട 500 ക്ഷീരകർഷകർക്ക് കൈകൊണ്ട് പ്രവർത്തിക്കുന്ന ചാഫ് കട്ടർ വിതരണം ചെയ്യുന്നു.

സെക്ഷൻ ഓഫീസർ